


# തളരാതെ മുന്നോട്ട്

ജീവിതത്തിൽ നാം പ്രവാസിയെപ്പോലെയാകണം എന്ന് പറയാറുണ്ട്. അതായത് നമ്മൾ വഴിയാത്രക്കാരെ പോലെയാണ്. നമ്മുടെ സങ്കടങ്ങളോടും വിഷമങ്ങളോടും നിരന്തരം നാം പോരടിക്കണം.

ഒരിക്കൽ ഒരു രാജാവ് യുദ്ധത്തിൽ പരാജിതനായി. തന്റെ സാമ്രാജ്യം ആകെ ചിന്നിച്ചിതറി. അദ്ദേഹം ഓടി ഒരു കാട്ടിലെത്തി. അവിടെ ഒരു ഗുഹയിൽ അഭയം തേടി. അന്നേരം അദ്ദേഹം ഒരു കാഴ്ച കണ്ടു. അതാണ് അദ്ദേഹത്തിന്റെ ജീവിതത്തെ അടിമുടി മാറ്റിയത്. ഒരു ചിലന്തി വളരെ പണിപ്പെട്ട് വല കെട്ടുകയാണ്. നിരന്തരമായ ശ്രമം. സ്ഥിരോൽസാഹമുണ്ടെങ്കിൽ എന്തിനേയും തോൽപ്പിക്കാം എന്ന പാഠം അപ്പോൾ അദ്ദേഹത്തിന് മനസ്സിലായി.

സേനാനായകൻമാരെയും ചിതറിയ സൈന്യത്തെയും കൂട്ടി പോരാടി രാജാവ്. അങ്ങനെ അദ്ദേഹം യുദ്ധം ജയിക്കുകയും ചെയ്തു. തളരാതെ ജീവിതത്തെ സമീപിക്കുകയാണെങ്കിൽ വിജയം കൂട്ടിനെത്തുക തന്നെ ചെയ്യും.

**ഫുആദ് അശ്റഫ്,** ക്ലാസ് - 8
പ്രോഗ്രസ്സീവ് ഇംഗ്ലീഷ് സ്കൂൾ വാദിഹുദ



**മുഹാജിർ എ.പി,** ക്ലാസ്-8
എ.എം.ഐ ഗോതമ്പറോഡ്, മുക്കം



**റസാനത്ത് കെ,** ക്ലാസ് -3
എ.എം.എൽ.പി സ്കൂൾ, വളവന്നൂർ



**റാനിയ റസാക്ക്**
ജി.എച്ച്.എസ്, പൊന്മുണ്ടം



**അബ്ദുൽ ഹാദി,** ക്ലാസ്-4
അൽ മദ്റസത്തുൽ ഇസ്ലാമിയ, ജീറോഡ്

 7 ദ്വീപുകളുടെ നഗരം എന്നറിയപ്പെടുന്ന സംസ്ഥാനം- മഹാരാഷ്ട്ര

# മഴ വെറും രണ്ടക്ഷരമല്ല

മലയാളികളായ നമ്മുടെ ജീവിതത്തിലെ ഒരവിഭാജ്യഘടകമാണ് മഴ. മറ്റു രാജ്യക്കാർ ആറ് ഋതുക്കളായി ഒരു കൊല്ലത്തെ വിഭജിക്കുമ്പോൾ നാം വേനൽക്കാലം, മഴക്കാലം, മഞ്ഞുകാലം എന്നിങ്ങനെ മൂന്നായാണ് വിഭജിക്കുന്നത്. അതിൽനിന്നുതന്നെയറിയാം മഴക്ക് നമ്മുടെ കാലാവസ്ഥയിലുള്ള സ്ഥാനം.



നമ്മുടെ കഥകളിലും കവിതകളിലും സിനിമകളിലുമൊക്കെ ഹൃദയഹാരിയായ അനുഭവമായി മഴ കടന്നുവരുന്നു. വൈലോപ്പിള്ളിയും കുഞ്ഞിരാമൻനായരും സുഗതകുമാരിയും സച്ചിദാനന്ദനുമൊക്കെ മഴയുടെ അപൂർവ്വവും അതുല്യവുമായ ഭാവനാ ചിത്രങ്ങൾ കൊരുത്ത കവികളാണ്.

അനീന സി.പിയുടെ ഈ ലക്കത്തെ 'മഴ' എന്ന കവിത അത്യുഗ്രൻ. അതിലെ അവസാന വരിയെപോലെതന്നെ ('മഴ- വെറും രണ്ടക്ഷരമല്ല') മഴയെ വാക്കുകളിലൂടെ അപൂർവ്വ അനുഭവമാക്കാൻ കൂട്ടുകാരിക്ക് കഴിഞ്ഞിരിക്കുന്നു.

സസ്നേഹം
**മാഷ്**

# മഴ

**മ**ഴയൊരനുഭവമാണ്.
കുളിരാണ്,
മനസ്സിന് സന്തോഷമുണ്ടാക്കുന്ന
കാരുണ്യമാണ്.
പൂക്കളേയും ദളങ്ങളേയും തഴുകുന്ന
സന്തോഷക്കണ്ണീരാണ്
ഭൂമിയെ ഉണർത്തി പച്ച പുതപ്പിക്കുന്ന
മുത്തുമണികളാണ്.
എന്റെ സ്വപ്നങ്ങളുടെ
കടലാസുതോണി
മന്ദമായൊഴുകുന്ന പാതയാണ്.
ചേതനകളുടെ ദാഹത്തിന്
ശമനം നൽകുന്ന മാലാഖയാണ്.
ചിലപ്പോൾ ലോകം കുലുക്കാൻ
പ്രാപ്തിയുള്ള ഘോര ഗർജനമാണ്.
ഭൂമിയുടെ ഹൃദയരക്തമാണ്.
ഇപ്പോൾ അത്.
ഊർധ്വശ്വാസം വലിക്കുന്ന ഭൂമിയുടെ
ചങ്കിലേക്കിറ്റിക്കുന്ന ഒരു തുള്ളി
വെള്ളമാണ്.
മഴ- വെറും രണ്ടക്ഷരമല്ല.

**അനീന സി.പി,** ക്ലാസ് -7
ഐ.സി.ഇ.റ്റി പബ്ലിക് സ്കൂൾ,കോഡൂർ

# ജീവിതത്തിന്റെ വഴികൾ

നമ്മുടെ ജീവിതത്തിൽ വല്ല തടസ്സങ്ങളുമുണ്ടെങ്കിൽ നാം അതിനെ തുടച്ച് മാറ്റണം. നമ്മുടെ മുന്നിലെ പ്രശ്നങ്ങൾക്കെതിരെ പോരാടണം നമ്മൾ, തോറ്റ് കൊടുക്കരുത്. വിജയം വരെ പോരാടാനുള്ള കരുത്ത് നമ്മൾ നേടണം. തോമസ് ആൽവാ എഡിസൺ ബൾബ് കണ്ട് പിടിച്ചതിന് ശേഷം പറയുകയുണ്ടായി: "ഞാൻ പതിനായിരത്തോളം പരീക്ഷണങ്ങൾ നടത്തി, ഓരോ ബൾബ് ഉണ്ടാക്കുമ്പോഴും ഇങ്ങനെയല്ല ഉണ്ടാക്കേണ്ടത് എന്ന് ഞാൻ പഠിച്ചു'. ക്ഷമയോടെ പരിശ്രമിച്ചാൽ വിജയം തീർച്ച.

**മുഹമ്മദ് ആസിഫ്,** ക്ലാസ് -7
സ്കൂൾ ഓഫ് ഖുർആൻ & സയൻസ്



**മുഹ്സിന മെഹ്നാസ്,** ക്ലാസ്-3
ജി.എൽ.പി.എസ്, കരുപ്പടന്ന